പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2500 **27-10-2026-ൽ മറുപടിയ്ക്ക്**

കേഫിന്റെ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള സി.എ.പി.ഇ.യുടെ (കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ) കീഴിൽ എത്ര സ്ഥാപനങ്ങളാണുള്ളതെന്ന് അറിയിക്കാമോ; ഓരോ സ്ഥാപനത്തെക്കുറിച്ചുള്ള ലഘുവിവരണം ലഭ്യമാക്കാമോ;

മറുപടി: കേപ്പിന്റെ കീഴിൽ 15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (9 എഞ്ചിനീയറിംഗ് കോളേജ്, ഓരോന്നു വീതം - എം.ബി.എ കോളേജ്, നൈപുണ്യവികസന കേന്ദ്രം, ആശുപത്രി, 3 നഴ്സിംഗ് കോളേജ്). ഓരോ സ്ഥാപനങ്ങളെ കുറിച്ചുമുള്ള ലഘു വിവരണം ചുവടെ ചേർക്കുന്നു. അതോടൊപ്പം കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ വരവ് ചെലവ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ആയത് പ്രകാരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പുന്നപ്ര (CEMP) 2020-21 മുതൽ 2025-26 വരെ തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സാഗര ആശുപത്രി 2020-21 മുതൽ 2025-26 വരെ നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര

കോഴിക്കോട് ജില്ലയിലെ മണിയൂരിൽ 25 ഏക്കർ സ്ഥലത്ത് 1999ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 360 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 106 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.കോളേജിന് ISO, NAAC, NBA എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 25 ഏക്കർ സ്ഥലത്ത് 2000 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 480 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 113 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.കോളേജിന് ISO, NAAC, NBA എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി

കണ്ണൂർ ജില്ലയിലെ എരഞ്ഞോളിയിൽ 25 ഏക്കർ സ്ഥലത്ത് 2000 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 695 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 188 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കോളേജിന് ISO, NBA എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

4. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ

കൊല്ലം ജില്ലയിലെ പെരിനാട് 25 ഏക്കർ സ്ഥലത്ത് 2000 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 480 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 127 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കോളേജിന് ISO, NBA എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

5. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ

കോട്ടയം ജില്ലയിലെ കിടങ്ങൂരിൽ 25 ഏക്കർ സ്ഥലത്ത് 2000-2001 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 360 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 111 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കോളേജിന് ISO, NBA എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

6. കേപ്പ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലെ അക്ഷര നഗരി ക്യാമ്പസിലെ മൊത്തം 13.32 ഏക്കറിൽ 7.84 ഏക്കർ സ്ഥലത്ത് 2008-2009 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 450 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 147 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കോളേജിന് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്.

7. ഐ.എം.റ്റി, പുന്നപ്ര, ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലെ അക്ഷര നഗരി ക്യാമ്പസിലെ മൊത്തം 13.32 ഏക്കറിൽ 1 ഏക്കർ സ്ഥലത്ത് 2009-10 ൽ പ്രവർത്തനം ആരംഭിച്ചു. മൊത്തം 60 വിദ്യാർത്ഥികളെ എം.ബി.എ കോഴ്സിന് പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം 12 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

8. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം

കൊല്ലം ജില്ലയിലെ പിറവന്തൂരിൽ 25 ഏക്കർ സ്ഥലത്ത് 2011 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 300 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 84 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

9. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറൻമുള

പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ മൊത്തത്തിലുള്ള 10.6 ഏക്കറിൽ 6.5 ഏക്കർ സ്ഥലത്ത് 2014-15 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 180 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 73 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

10. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുട്ടത്തറ

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 5 ഏക്കർ സ്ഥലത്ത് 2016-17 ൽ പ്രവർത്തനം ആരംഭിച്ചു. വർഷം 360 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള അംഗീകാരം KTU, AICTE എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മൊത്തം 87 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കോളേജിന് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്.

11. നൈപുണ്യവികസന കേന്ദ്രം, ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലെ അക്ഷര നഗരി ക്യാമ്പസിലെ മൊത്തം 13.32 ഏക്കറിൽ 18 സെന്റ് സ്ഥലത്ത് 2022 ൽ പ്രവർത്തനം ആരംഭിച്ചു. വിവിധ കോഴ്സുകൾ കഴിഞ്ഞു വരുന്ന വിദ്യാർത്ഥികളെ

അവരുടെ മേഖലകളിൽ ജോലി നേടുന്നതിന് പ്രാപ്തമാക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകിവരുന്നു. കൂടാതെ സഹകരണ മേഖലയിൽ ജോലി ചെയ്യുന്നവർക്കുള്ള അംഗീകൃത ട്രയിനിംഗ് സെന്ററായി SKDC യെ അംഗീകരിച്ചിട്ടുണ്ട്. 2 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്, ട്രയിനിംഗിന് ടീച്ചർമാരെ കോഴ്സിനനുസരിച്ച് മണിക്കൂർ വ്യവസ്തയിൽ എടുക്കുന്നു.

12. സാഗര ആശുപത്രി, ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലെ അക്ഷര നഗരി ക്യാമ്പസിലെ മൊത്തം 13.32 ഏക്കറിൽ 80 സെന്റ് സ്ഥലത്ത് 2009 ൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ 175 കിടക്കകളോടുകൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന മൾട്ടിസ്പെഷ്യലിറ്റി ആശുപത്രിയാണ്. കൂടാതെ മെഡിസെപ്പിന് അംഗീകാരം ലഭിച്ച ആശുപത്രിയാണ്. 32 ഡോക്ടർമാരും മറ്റ് വിഭാഗങ്ങളിലായി 226 പേരും ഉൾപ്പടെ മൊത്തം 258 ജീവനക്കാർ ജോലി ചെയ്യുന്നു

13. കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ പുന്നപ്രയിലെ അക്ഷര നഗരി ക്യാമ്പസിലെ മൊത്തം 13.32 ഏക്കറിൽ 3.5 ഏക്കർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന കോളേജിന്റെ കെട്ടിടത്തിൽ പ്രവർത്തനം 2023-24 ആരംഭിച്ചു. ഇതിന്റെ പാരന്റ് ആശുപത്രിയായി സാഗര ആശുപത്രിയെ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ 60 വിദ്യാർത്ഥികളെ ബി.എസി നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകുന്നുണ്ട്. മൊത്തം 22 ജീവനക്കാർ ജോലി ചെയ്യുന്നു.

14. കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, ആറൻമുള

പത്തനംതിട്ട ജില്ലയിലെ ആറൻമുള എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലുള്ള മൊത്തം 25 ഏക്കറിൽ 3.5 ഏക്കർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന കോളേജിന്റെ കെട്ടിടത്തിൽ പ്രവർത്തനം 2025-26 ആരംഭിച്ചു. ഇതിന്റെ പാരന്റ് ആശുപത്രിയായി കോഴഞ്ചേരി ജില്ലാ ആശുപത്രിയെ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ 60 വിദ്യാർത്ഥികളെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകുന്നുണ്ട്. മൊത്തം 8 ജീവനക്കാർ ജോലി ചെയ്യുന്നു.

15. കേപ്പ് കോളേജ് ഓഫ് നഴ്സിംഗ്, പത്തനാപുരം

കൊല്ലം ജില്ലയിലെ പത്തനാപുരത്ത് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലുള്ള മൊത്തം 25 ഏക്കറിൽ 3.5 ഏക്കർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന കോളേജിന്റെ കെട്ടിടത്തിൽ പ്രവർത്തനം 2025-26 ആരംഭിച്ചു. ഇതിന്റെ പാരന്റ് ആശുപത്രിയായി പുനലൂർ താലൂക്ക് ആശുപത്രിയെ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ 60 വിദ്യാർത്ഥികളെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകുന്നുണ്ട്. മൊത്തം 10 ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും റിസർച്ച് സ്കോളേഴ്സിന്റെയും എണ്ണമെത്രയാണെന്ന് അറിയിക്കാമോ;

മറുപടി: കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലായി ആകെ 10,618 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. നിലവിൽ കേപ്പിൽ റിസർച്ച് സ്കോളേർസ് ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

കോളേജിന്റെ പേര്	ബി.ടെക്	എം.ടെക്	എം.സി.എ.	എം.ബി.എ.	നഴ്സിംഗ്	ഡിപ്ലോമ	വർക്കിംഗ് പ്രഫഷണൽ	മൊത്തം

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുട്ടത്തറ	777							
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ	1688						62	
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പുന്നപ്ര	797	16	27		100			
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം	366				60	132		
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള	199				30	269		
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ	960		45					
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി	2154	16	116	72			123	

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര	1007		97					
കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ	1400							
ഐ.എം.ടി, പുന്നപ്ര	-			104				
ആകെ	**9349**	**32**	**285**	**176**	**190**	**401**	**185**	**10618**

(സി) സർക്കാർ കൂടുതൽ നിക്ഷേപം നടത്തി സി.എ.പി.ഇ.യെ ഒരു ദേശീയ പ്രൊഫഷണൽ വിദ്യാ കേന്ദ്രമാക്കി മാറ്റാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

മറുപടി: കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ (കേപ്പ്)-ന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ദേശീയ നിലവാരത്തിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർത്തുന്നതിനും അവയുടെ അക്കാദമിക മികവ്, ഗവേഷണശേഷി, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ ധനസഹായത്തിനും സഹകരണ മേഖലയിലെ ഫണ്ടിംഗിനും പുറമേ, കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്ന് പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, സ്ഥാപനങ്ങൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (NBA) അംഗീകാരം നേടുന്നതിനും കേന്ദ്ര സർക്കാർ ധനസഹായത്തിന് അർഹത നേടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ *Multidisciplinary Education and Research Improvement in Technical Education* (MERITE) പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിന് 10 കോടി രൂപയുടെ കേന്ദ്ര ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(ഡി) കേപ്പിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളെയും ഗവേഷകരെയും ഓരോ വർഷവും വിളിച്ചുചേർത്ത് ഉന്നത നിലവാരത്തിലുള്ള ഒരു കോൺവെക്കേഷൻ ചടങ്ങ് നടത്താൻ സ്ഥിരം പദ്ധതി തയ്യാറാക്കുമോ; അതിനായി ഗവൺമെന്റും മുഖ്യമന്ത്രിയും സഹകരണമന്ത്രിയും ഭാരവാഹികളായി ഒരു സ്ഥിരം കോൺവെക്കേഷൻ അധികാരസമിതി രൂപീകരിക്കുമോ?

മറുപടി: കോളേജ് വിദ്യാർത്ഥികളുടെ ബിരുദദാനച്ചടങ്ങ് (കോൺവെക്കേഷൻ) ഔദ്യോഗികമായി സംഘടിപ്പിക്കുന്നതിനുള്ള അധികാരം അഫിലിയേഷൻ ചെയ്തിട്ടുള്ള ബന്ധപ്പെട്ട സർവകലാശാലകൾക്കാണ്. എന്നിരുന്നാലും, കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് COURSE COMPLETION സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും അവരുടെ

അക്കാദമിക നേട്ടങ്ങളെ ആദരിക്കുന്നതിനുമായി കേപ്പിന്റെ വിവിധ കോളേജുകളിൽ സർട്ടിഫിക്കറ്റ് വിതരണച്ചടങ്ങുകൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത ചടങ്ങുകളിൽ മന്ത്രിമാർ, നിയമസഭാംഗങ്ങൾ, പ്രമുഖ വിദ്യാഭ്യാസ വിചക്ഷണർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുവരുന്നു.

വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരേ വേദിയിൽ പങ്കെടുപ്പിച്ചുകൊണ്ട് കേന്ദ്രീകൃത ബിരുദദാനച്ചടങ്ങ് സംഘടിപ്പിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം ബന്ധപ്പെട്ട കോളേജുകളുടെ ആഭിമുഖ്യത്തിലാണ് സർട്ടിഫിക്കറ്റ് വിതരണച്ചടങ്ങുകൾ സംഘടിപ്പിച്ചുവരുന്നത്.

സ്ഥിരം കോൺവെക്കേഷൻ അധികാരസമിതി രൂപികരണം സർവകലാശാലകളുടെ പരിധിയിയിലുള്ള വിഷയം ആയതിനാൽ നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

Annexure

Co-operative Academy of Professional Education (CAPE) Income & Expenditure statement of CAPE Institutions in Punnapra Campus as per Audit statement during the last six years.			
2020-21			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,13,73,568	7,76,95,478	-4,63,21,910
IMT	67,92,951	86,52,532	-18,59,581
KIMB/SKDC	52,30,106	24,58,399	27,71,707
Sagara hospital	13,22,70,143	15,85,96,291	-2,63,26,148
2021-22			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	2,66,03,971	8,17,46,954	-5,51,42,983
IMT	90,20,752	1,01,65,932	-11,45,180
KIMB/SKDC	9,84,105	14,62,806	-4,78,701
Sagara hospital	13,59,26,301	15,69,01,148	-2,09,74,847
2022-23			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,30,02,608	8,42,92,787	-5,12,90,179
IMT	1,31,20,136	1,03,88,341	27,31,795
KIMB/SKDC	74,74,342	71,89,021	2,85,321
Sagara hospital	13,29,46,638	15,68,26,563	-2,38,79,925
2023-24			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,48,67,108	8,63,60,193	-5,14,93,085
IMT	91,02,842	93,44,737	-2,41,895
KIMB/SKDC	35,22,707	39,59,455	-4,36,748
Sagara hospital	12,65,87,863	15,03,72,650	-2,37,84,787
CAPE Nursing college, Alappuzha	43,62,901	52,00,931	-8,38,030

2024-25			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	4,20,04,918	8,66,58,016	-4,46,53,098
IMT	1,05,54,884	95,92,678	9,62,206
KIMB/SKDC	31,31,992	36,08,483	-4,76,491
Sagara hospital	12,48,00,983	14,76,08,346	-2,28,07,363
CAPE Nursing college, Alappuzha	94,05,221	77,32,511	16,72,710
2025-26			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	4,74,72,938	8,62,15,987	-3,87,43,049
IMT	99,73,937	96,09,538	3,64,399
KIMB/SKDC	25,86,806	29,13,167	-3,26,361
Sagara hospital	13,28,77,245	15,07,70,350	-1,78,93,105
CAPE Nursing college, Alappuzha	1,58,50,795	1,10,43,143	48,07,652